# ആകാശം അരികിലേക്ക്; കണ്ണൂർ വിമാനത്താവളത്തിനു ശിലയിട്ടു

## വിമാനത്താവളത്തിലേക്കു റയിൽപാത നിർമിക്കാൻ കേന്ദ്രത്തിൽ സമ്മർദം ചെലുത്തുമെന്ന് മുഖ്യമന്ത്രി

കെ. ജയപ്രകാശ് ബാബു

കണ്ണൂർ: വടക്കൻ മലബാറിന് ഇനി ആകാശത്തിന്റെ അതിരു മാത്രം. പ്രതീക്ഷാനിർഭരമായി കാത്തിരുന്ന ആയിരങ്ങളെ സാക്ഷി നിർത്തി മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ മൂർഖൻപറമ്പിൽ വിമാനത്താവള നിർമാണത്തിന് ആദ്യശിലയിട്ടു. കേന്ദ്ര വ്യോമയാന മന്ത്രി പ്രഫുൽ പട്ടേൽ അധ്യക്ഷത വഹിച്ചു. മന്ത്രിമാരും എംഎൽഎമാരും നേതാക്കളും ആയിരക്കണക്കിനു നാട്ടുകാരും പങ്കെടുത്ത തറക്കല്ലിടൽ ചടങ്ങ് കക്ഷിരാഷ്ട്രീയത്തിന് അതീതമായ വികസനകൂട്ടായ്മയുടെ തുറന്ന പ്രഖ്യാപനമായി.

കണ്ണൂർ വിമാനത്താവളത്തിന്റെ ഓഹരികൾ ഏതെങ്കിലും ചില വ്യക്തികൾക്കു മാത്രമായി നൽകില്ലെന്നു മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ പറഞ്ഞു. ഓഹരികൾ ആർക്കൊക്കെ നൽകണമെന്ന കാര്യം വിമാനത്താവള ഡയറക്ടർ ബോർഡ് തീരുമാനിക്കും. സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനികൾക്കും സ്വകാര്യമേഖലയ്ക്കും ഓഹരിയുണ്ടാകും. വിമാനത്താവളത്തിലേക്കു റയിൽപാത നിർമിക്കാൻ കേന്ദ്രത്തിൽ സമ്മർദം ചെലുത്തും; മുഖ്യമന്ത്രി പറഞ്ഞു.

എയർഇന്ത്യ എക്സ്പ്രസ് വിമാനങ്ങളുടെ അറ്റകുറ്റപ്പണിക്കുള്ള കേന്ദ്രം രണ്ടു മാസത്തിനകം തിരുവനന്തപുരത്തു പ്രവർത്തനമാരംഭിക്കുമെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച കേന്ദ്ര വ്യോമയാന മന്ത്രി പ്രഫുൽ പട്ടേൽ പറഞ്ഞു.

കേരളത്തിൽ നിന്നു ഗൾഫ് മേഖലയിലേക്കുള്ള എയർഇന്ത്യ വിമാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഒരു മാസത്തിനകം പരിഹരിക്കും. വിമാനങ്ങളെല്ലാം സാധാരണ നിലയിലാക്കും. പത്തു വർഷത്തിനകം വ്യോമയാന രംഗത്ത് ഇന്ത്യ മൂന്നാം സ്ഥാനത്തെത്തും. ആറര വർഷം കൊണ്ട് ഇന്ത്യയിലെ വ്യോമയാന മേഖല നാലിരട്ടി വളർച്ച നേടി. ഗൾഫ് യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് എയർ ഇന്ത്യ എക്സ്പ്രസിന്റെ ആസ്ഥാനം കേരളത്തിലേക്കു മാറ്റും.

യുഎസിനും ചൈനയ്ക്കും പിറകിൽ മൂന്നാം സ്ഥാനത്തേക്കു കുതിക്കുകയാണ് ഇന്ത്യ. ഭാവിയിലെ ആവശ്യങ്ങൾ മുന്നിൽ കണ്ടുള്ള സൗകര്യങ്ങളാണു വിമാനത്താവളത്തിൽ നിർമിക്കേണ്ടത്. കയറ്റുമതി രംഗത്തു കുതിച്ചുചാട്ടത്തിന് ഇത് ഇടയാക്കും. വിമാനത്താവളം യാഥാർഥ്യമാക്കുന്നതിനു കേരളത്തിന് എല്ലാ പിൻതുണയും നൽകും. – പ്രഫുൽ പട്ടേൽ പറഞ്ഞു. കണ്ണൂർ വിമാനത്താവളത്തിൽ നിക്ഷേപം നടത്താൻ ഗൾഫ് മലയാളികൾക്ക് അവസരം നൽകണമെന്നു ചടങ്ങിൽ പ്രസംഗിച്ച കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ, കേന്ദ്ര റയിൽവേ സഹമന്ത്രി ഇ.അഹമ്മദ് എന്നിവർ ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ ഏറ്റവും വലിയ വിമാനത്താവളമായിരിക്കും മട്ടന്നൂർ മൂർഖൻപറമ്പിലേത്. 2061 ഏക്കറിൽ സ്ഥാപിക്കുന്ന വിമാനത്താവളത്തിൽ 3400 മീറ്റർ റൺവേയുണ്ടാകും. ഇതേ നീളത്തിൽ വിമാനം ഇറങ്ങാനും ഉയരാനും പറ്റുന്ന ടാക്സി ട്രാക്കും റൺവേയ്ക്കു സമാന്തരമായി നിർമിക്കും. രാജ്യത്തെ ആദ്യത്തെ പരിസ്ഥിതി സൗഹൃദ വിമാനത്താവളവും ഇതായിരിക്കുമെന്ന് അധികൃതർ പ്രഖ്യാപിച്ചിട്ടുണ്ട്.

കൈത്തറി, മൽസ്യം, പച്ചക്കറി കയറ്റുമതിക്ക് കണ്ണൂർ വിമാനത്താവളം സഹായകരമാകും. വിനോദസഞ്ചാര വികസന മേഖലയ്ക്കു കുതിപ്പു നൽകും. 18 ലക്ഷം യാത്രക്കാരെയാണു പ്രതിവർഷം പ്രതീക്ഷിക്കുന്നത്.



കണ്ണൂർ രാജ്യാന്തര വിമാനത്താവള പദ്ധതിയുടെ ശിലാസ്ഥാപന ചടങ്ങ് മട്ടന്നൂർ അഞ്ചരക്കണ്ടി റോഡിൽ കാരയിൽ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നിർവഹിക്കുന്നു.. എംഎൽഎമാരായ കെ.പി.മോഹനൻ, എം.പ്രകാശൻ, മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, കേന്ദ്ര സഹമന്ത്രി ഇ.അഹമ്മദ്, മന്ത്രി കെ.പി.രാജേന്ദ്രൻ, കേന്ദ്ര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ, മന്ത്രി കോടിയേരി ബാലകൃഷ്ണൻ, എ.സി.ഷൺമുഖദാസ്, കലക്ടർ വി.കെ.ബാലകൃഷ്ണൻ, എ.പി.അബ്ദുല്ലക്കുട്ടി എംഎൽഎ, കേന്ദ്ര വ്യോമയാന മന്ത്രി പ്രഫുൽ പട്ടേൽ, കെ.സുധാകരൻ എംപി, കെ.എം.മാണി എംഎൽഎ, മന്ത്രി പി.കെ.ശ്രീമതി എന്നിവർ സമീപം

ചിത്രം- ഉണ്ണി കോട്ടക്കൽ

### ഓഹരികൾ ചില വ്യക്തികൾക്കു മാത്രമായി നൽകില്ല

കണ്ണൂർ വിമാനത്താവളത്തിന്റെ ഓഹരികൾ ഏതെങ്കിലും ചില വ്യക്തികൾക്കു മാത്രമായി നൽകില്ലെന്നു മുഖ്യമന്ത്രി പറഞ്ഞു.

ഓഹരികൾ ആർക്കൊക്കെ നൽകണമെന്ന കാര്യം വിമാനത്താവള ഡയറക്ടർ ബോർഡ് തീരുമാനിക്കും. സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനികൾക്കും സ്വകാര്യമേഖലയ്ക്കും ഓഹരിയുണ്ടാകും. വിമാനത്താവളത്തിലേക്കു റയിൽപാത നിർമിക്കാൻ കേന്ദ്രത്തിൽ സമ്മർദം ചെലുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

എയർഇന്ത്യ എക്സ്പ്രസ് വിമാനങ്ങളുടെ അറ്റകുറ്റപ്പണിക്കുള്ള കേന്ദ്രം രണ്ടു മാസത്തിനകം തിരുവനന്തപുരത്തു തുടങ്ങുമെന്ന് മന്ത്രി പ്രഫുൽ പട്ടേൽ പറഞ്ഞു.